59 പട്ടികജാതി കുടുംബങ്ങളുടെയും 19 പട്ടികവർഗ്ഗ കുടുംബങ്ങളുടെയും ഭവനനിർമ്മാണം ലൈഫ് മിഷൻ മുഖേന പൂർത്തീകരിച്ചിട്ടുണ്ട്.

| പഞ്ചായത്ത് | പട്ടികജാതി | പട്ടികവർഗ്ഗം |
|---|---|---|
| ആലത്തൂർ | 2 | - |
| എരിമയൂർ | 12 | - |
| കിഴക്കഞ്ചേരി | 5 | 17 |
| കുഴൽമന്ദം | 6 | - |
| മേലാർകോട് | 3 | - |
| തേങ്കുറിശ്ശി | 21 | - |
| വണ്ടാഴി | 10 | 2 |
| ആകെ | 59 | 19 |

**ഭവന പദ്ധതി**

5 (2040) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് വർഷക്കാലയളവിനുള്ളിൽ പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ അനുവദിച്ച വീടുകൾ എത്ര; അതിൽ പിറവം നിയോജക മണ്ഡലത്തിൽ മാത്രം എത്ര വീടുകൾ അനുവദിച്ചിട്ടുണ്ട്; പണി പൂർത്തീകരിച്ചതെത്രയെന്ന് അറിയിക്കാമോ?

പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ ആകെ 8764 വീടുകൾ അനുവദിച്ചിട്ടുണ്ട്. അതിൽ പിറവം നിയോജകമണ്ഡലത്തിൽ 27 വീടുകൾ അനുവദിച്ചതിൽ 5 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത വിഭാഗങ്ങൾക്കായി ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്താതെ അനുവദിച്ച വീടുകൾ എത്ര; വിശദമാക്കാമോ?

ലൈഫ് പദ്ധതിയിലല്ലാതെ വീട് അനുവദിച്ചുനൽകിയിട്ടില്ല.

(സി) നിലവിൽ പിറവം നിയോജകമണ്ഡലത്തിൽനിന്നും ഭവന നിർമ്മാണത്തിന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; നിലവിലെ സ്ഥിതി അറിയിക്കാമോ?

നിലവിൽ ഭവനനിർമ്മാണത്തിന് അപേക്ഷകളൊന്നും ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly